കേരള സർക്കാർ

<u>സംഗ്രഹം</u>

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിൽ ദിവസവേതന വ്യവസ്ഥയിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീ.പി.കെ. രാമചന്ദ്രന്റെ നിയമനം ക്രമവൽക്കരിക്കണമെന്ന ആവശ്യത്തിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No. 2386/13 ൻമേൽ ബഹു ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

# തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സഉ(എം.എസ്) നം.41/2016/തസ്വഭവ** **തീയതി,തിരുവനന്തപുരം 26/02/2016**

---

പരാമർശം : 1. 25/11/2005 ലെ സഉ(പി)നം. 501/05/ധന നമ്പർ ഉത്തരവ്.

2. ശ്രീ.പി.കെ. രാമചന്ദ്രന്റെ 28/06/2010 ലെ അപേക്ഷ.
3. തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29/06/2015 ലെ V-ാം നമ്പർ തീരുമാനം.
4. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 02/02/2015 ലെ ഉത്തരവ്.
5. പഞ്ചായത്ത് ഡയറക്ടറുടെ 17/05/2013 ,03/10/2015 തീയതികളിലെ ഇ 9-40457/13 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിൽ **01/06/1998** മുതൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീ.പി.കെ. രാമചന്ദ്രൻ തന്റെ നിയമനം ക്രമവൽക്കരിക്കണമെന്ന ആവശ്യത്തിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA No. 2383/12 -ാം നമ്പർ കേസ്സിൽ പരാമർശം 4 ലെ ഉത്തരവ് ലഭിച്ച് രണ്ട് മാസങ്ങൾക്കകം തീരുമാനമെടുക്കണമെന്ന് 1-ാം കക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ച് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർസെക്രട്ടറി പരാതിക്കാരനെ നേരിൽ കേൾക്കുകയുണ്ടായി. പരാമർശം 2 പ്രകാരം നിയമനക്രമവൽക്കരണത്തിനായി ശ്രീ.പി.കെ. രാമചന്ദ്രൻ സമർപ്പിച്ച അപേക്ഷ ശുപാർശ ചെയ്ത് പഞ്ചായത്ത് ഡയറക്ടർ പരാമർശം 5 പ്രകാരം സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.ടിയാനെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് പരാമർശം

3 പ്രകാരം തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. 231.16 ചതുരശ്ര മീറ്റർ ഓഫീസ് സ്വീപ്പിംഗ് ഏര്യയുള്ള തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം ഓഫീസ് സ്വീപ്പർ തസ്തിക നിലവിലുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് **01/06/1998** മുതൽ തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീ.പി.കെ. രാമചന്ദ്രനെ പ്രസ്തുത ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം ഓഫീസ് സ്വീപ്പറുടെ തസ്തികയിൽ ഉത്തരവു തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ, ശ്രീ.പി.കെ. രാമചന്ദ്രൻ വിരമിക്കുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ ആളെ നിയമിക്കാവൂ എന്നും പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു..

ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 4 ലെ വിധിന്യായം പാലിക്കപ്പെട്ടിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല. സി.എസ്**
**ഗവ.അണ്ടർ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
(ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് ജില്ല.
സെക്രട്ടറി, തച്ചനാട്ടുകര ഗ്രാമ പഞ്ചായത്ത്, പാലക്കാട് ജില്ല.
ശ്രീ.പി.കെ. രാമചന്ദ്രൻ , പാർട്ട് ടൈം സ്വീപ്പർ, തച്ചനാട്ടുകര ഗ്രാമ പഞ്ചായത്ത്, പാലക്കാട് ജില്ല(സെക്രട്ടറി, തച്ചനാട്ടുകര ഗ്രാമ പഞ്ചായത്ത് മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനവകുപ്പ്(യു.ഒ നം. 191 /ഡെവ.1/14/ധന തീയതി 03/12/2015 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ